**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 2018 , 2019 കാലയളവിലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിനായി വിഭാവനം ചെയ്ത മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ( Chief Minister 's Local Roads Rebuild Project ) എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 56,77,54,940/- രൂപാ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

G.O.(Rt) No.155/2022/RD തീയതി,തിരുവനന്തപുരം, 11/01/2022

---

പരാമർശം:-

1. 09.01.2020ലെ സ.ഉ (കൈ) നം.13/2020/ ത.സ്വ.ഭ.വ
2. 04.05.2020 ലെ സ.ഉ (സാധാ) നം.1683/2020/ റവ
3. 30.09 .2020 ലെ സ.ഉ ( സാധാ) ന. 2983/2020/റവ
4. 18/12/2020 ലെ സഉ(സാധാ) നമ്പർ: 2337/2020/തസ്വ ഭവ
5. 21/12/2020 ലെ സഉ(സാധാ) നമ്പർ: 3876/2020/റവ
6. 24.12.2020ലെ സ.ഉ (കൈ) നം.200/2020/ ത.സ്വ.ഭ.വ
7. 29/12/2020 ലെ സഉ(സാധാ) നമ്പർ: 3984/2020/റവ
8. 09.01.2021 ലെ സഉ(സാധാ) നമ്പർ: 92/2021/ റവ
9. 28.06.2021 ലെ സഉ(സാധാ) നമ്പർ: 2239/2021/ റവ
10. 15.09.2021 ലെ സഉ(സാധാ) നമ്പർ: 3143/2021/ റവ
11. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 02.11.. 2021 ലെ ഇ17/5555/20/സിഇ/തസ്വ ഭ വ നമ്പർ കത്ത്.

**ഉത്തരവ്**

2018,2019 കാലയളവിലെ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ( Chief Minister 's Local Roads Rebuild Project ) നടപ്പിലാക്കുന്നതിനായി 1000 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ടും ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രപ്പോസലുകൾ തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഘട്ടം ഘട്ടം ആയി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിക്കുന്നതിനും പരാമർശം (2) , (3) , (7) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

2. CMLRRP നടത്തിപ്പിനായി പരാമർശം (5) , (8) ,(9) ,( 10)എന്നീ ഉത്തരവുകൾ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനോടകം 224,34,66,571/-രൂപ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുവദിച്ചിട്ടുണ്ട്. ആയതിൽ 31.10.2021 വരെ 181,12,21,511/- രൂപ ചെലവഴിച്ചതായി ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം സഹിതം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പദ്ധതിയ്ക്കു കീഴിൽ 181 കോടി രൂപയോളം വരുന്ന 1080 പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകേണ്ടതായിട്ടുണ്ടെന്നും STSB അക്കൗണ്ടിൽ 43,22,45,060/- രൂപയാണ് ബാക്കിയുള്ളതെന്നും പദ്ധതി നിർവ്വഹണത്തിനായി 56,77,54,940/- രൂപ കൂടി അടിയന്തിരമായി

അനുവദിച്ചു നൽകണമെന്നും പരാമർശം (11) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിൽ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ( Chief Minister 's Local Roads Rebuild Project ) നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ അനുവദിക്കാൻ നിശ്ചയിച്ചിട്ടുള്ള 1000 കോടി രൂപയിൽ , ഇതിനോടകം അനുവദിച്ച 224,34,66,571/- രൂപയ്ക്ക് പുറമെ 56,77,54,940/- രൂപ കൂടി **മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ അനുവദിച്ച ഉത്തരവ**ാകുന്നു. .

4.വിതരണത്തിനാവശ്യമായി വരുന്ന 56,77,54,940/- രൂപ 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള ചീഫ് എൻജിനീയറുടെ STSB (A/C no: 799011400006726) അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Rari Rajan
Special Secretary

ചീഫ് എഞ്ചിനീയർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ , ട്രഷറി വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ്,മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

തദ്ദേശ സ്വയംഭരണ (EW-B) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Misha C P
Date: 11-01-2022 15:59:32
Reason: Approved

സെക്ഷൻ ഓഫീസർ